## 1109

*രീതി: യേശുവിൻ നാമം വിജയി*

1 ക്രിസ്തുവിൻ സത്യസാക്ഷികൾ നാം ക്രൂശിന്റെ ധീരസേനകൾ നാം
പാരിടത്തിൽ പരദേശികളാം നാം പരലോക പൗരാവകാശികൾ നാം

കൂടുക നാം ഉത്സുകരായ് പാടുക ജയ ജയ സ്തുതിഗീതങ്ങൾ
ക്രൂശിൻ വചനം സുവിശേഷം ദേശമശേഷമുയർത്തുക നാം

2 അലസത വിട്ടെഴുന്നേൽക്കുക നാം അവിശ്രമം പോർപൊരുതിടുക നാം
അവിശ്വാസത്തിൻ തലമുറ തന്നിൽ വിശ്വാസവീരരായ് പുലരുക നാം-

3 അന്ധതയിൽ ജനസഞ്ചയങ്ങൾ ഹന്ത! വലഞ്ഞു നശിച്ചിടുന്നു
രക്ഷകനേശുവിൻ സാക്ഷികളാം നാം രക്ഷണ്യമാർഗ്ഗമുരച്ചിടുക-

4 എതിരുകളെത്രയുയർന്നാലും വൈരികളെത്രയെതിർത്താലും
അടിപതറാതെ വഴി പിശകാതെ കൂശെടുത്തേശുവെയനുഗമിക്കാം-

5 ഇന്നു നാം നിന്ദയും ചുമന്നുലകിൽ ഉന്നതൻ നാമമുയർത്തിടുകിൽ
തന്നരികിൽ നാം ചേർന്നിടുമ്പോൾ തന്നിടും തങ്കം കിരീടമവൻ-
**G.P.**